# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) വഖഫ് ഭേദഗതി ബിൽ പാർലമെന്റ് പാസാക്കി; രാജ്യസഭയിൽ ബിൽ പാസായത് 95 നെതിരെ 128 വോട്ടുകൾക്ക്.

Parliament passed the Waqf (Amendment) Bill, 2025. The Bill was cleared by the Rajya Sabha with 128 members voted in favour of it while 95 members voted against the legislation.

2) മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയ പ്രമേയത്തിന് പാർലമെന്റിന്റെ അംഗീകാരം; സ്ഥിതിഗതികൾ നിയന്ത്രിക്കാൻ സാധിക്കാത്തതിനാലാണ് രാഷ്ട്രപതി ഭരണമെന്ന പ്രതിപക്ഷ ആരോപണം തള്ളി, കേന്ദ്ര ആഭ്യന്തരമന്ത്രി.

Parliament has adopted a Statutory Resolution confirming imposition of the President's Rule in Manipur. The Union Home Minister rejected opposition's allegation regarding President's rule imposed in the State.

3) ആറാമത് ബിംസ്റ്റക് ഉച്ചകോടിക്ക് ഇന്ന് തായ്ലാൻഡിൽ തുടക്കമാകും; പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകോടിയിൽ പങ്കെടുക്കും.

The 6th BIMSTEC Summit will begin in Thailand today; Prime Minister Narendra Modi will attend the summit.

4) സമരം ചെയ്യുന്ന ആശാപ്രവർത്തകരുമായി സംസ്ഥാന സർക്കാർ ഇന്നും ചർച്ച തുടരും.

The Kerala Government will continue discussions with the protesting ASHA workers today.

5) ലോകകപ്പ് ബോക്സിംഗിൽ മൂന്ന് ഇന്ത്യൻ താരങ്ങൾ സെമിയിൽ കടന്നു. 15-ാമത് ഹോക്കി ഇന്ത്യ - സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കമാകും.

In Boxing World Cup, three Indian pugilists enter semifinals. And the 15th Hockey India Senior Men National Championship is set to kick off today.

&&&&&&&&&&&&&&&&&&

## NT RS- WAQF BILL (INTRO)

വഖഫ് ഭേദഗതി ബിൽ 2025 പാർലമെൻറ് പാസാക്കി. ഇന്നലെ രാജ്യസഭയിൽ 128 അംഗങ്ങളുടെ പിന്തുണയോടെയാണ് ബിൽ പാസായത്. 12 മണിക്കൂർ നീണ്ട ചർച്ചയിൽ 95 പേർ ബില്ലിനെ എതിർത്തു. ലോക്സഭ ബിൽ നേരത്തെ പാസാക്കിയിരുന്നു. വഖഫ് സ്വത്തുകളിൽ കൈകടത്തുകയല്ല ബില്ലിൻറെ ലക്ഷ്യമെന്നും മുസ്ലിം വിഭാഗത്തിൽ ഉൾപ്പെട്ട കോടിക്കണക്കിന് പേർക്ക് ബിൽ ഉപകാരപ്രദമാകുമെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു ബില്ലിന്മേലുള്ള ചർച്ചയിൽ രാജ്യസഭയിൽ പറഞ്ഞു. വഖഫ് ബോർഡിൽ

മൂന്നുപേർ മാത്രമേ മുസ്ലീം ഇതര വിഭാഗത്തിൽ നിന്നും ഉണ്ടാകൂവെന്ന് അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്.........)**

പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ ബില്ലിനെ എതിർക്കുകയും ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ബിൽ ഭരണഘടനാ വിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## WAQF BILL JOSE K MANI (INTRO)

വഖഫ് ഭേദഗതി ബില്ലിലെ എല്ലാ വ്യവസ്ഥകളോടും എതിർപ്പില്ലെന്നും ചില വ്യവസ്ഥകളെ പിന്തുണയ്ക്കുന്നതായും ചിലതിനെ എതിർക്കുന്നതായും ജോസ് കെ മാണി എം.പി. മുനമ്പം നേരിടുന്നത് വലിയ വെല്ലുവിളിയാണ്. എന്നാൽ കോടതിയെ സമീപിക്കാമെന്ന വ്യവസ്ഥയോട് യോജിക്കുന്നതായും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

&&&&&&&&&&&&&&&&&&

## WAQF –REACTIONS

മുനമ്പം പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ വഖഫ് ഭേദഗതി ബില്ലിലൂടെ സാധിക്കുമെന്ന വാദം ശരിയല്ലെന്ന് നിയമ മന്ത്രി പി.രാജീവ്. ഇത് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. വഖഫ് ഭേദഗതി ബിൽ പാസായാൽ മുനമ്പം ഭൂമി വിഷയം പരിഹരിക്കാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശനും പ്രതികരിച്ചു. ഇടത് -വലത് മുന്നണികളുടെ പ്രീണന രാഷ്ട്രീയമാണ് പാർലമെൻറിൽ വഖഫ് ചർച്ചയിൽ കണ്ടതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## WAQF BILL MUNAMBAM REACTION

വഖഫ് ഭേദഗതി ബിൽ പാർലമെൻറിൽ പാസായതിനെ തുടർന്ന് മുനമ്പത്ത് തീരദേശവാസികളുടെ സമര പന്തലിൽ ആഹ്ളാദ പ്രകടനം നടന്നു. ബില്ലിന് അംഗീകാരം ലഭിച്ചെന്ന വാർത്ത ഇന്ന് പുലർച്ചെ പുറത്ത് വന്നതോടെ പടക്കം പൊട്ടിച്ചും മുദ്രാവാക്യം വിളിച്ചും സമരക്കാർ അത് അഘോഷമാക്കി മാറ്റി. എന്നാൽ തങ്ങളുടെ ആവശ്യം പൂർണമായി അംഗീകരിക്കുന്നത് വരേ സമരം തുടരുമെന്ന് അവർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## PARLIAMENT-RESOLUTION MANIPUR

മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയ പ്രമേയത്തിന് പാർലമെൻറിൻറെ അംഗീകാരം. ഭരണഘടനയുടെ 356 (1) അനുച്ഛേദം പ്രകാരം ഈ വർഷം ഫെബ്രുവരി 13 നാണ് മണിപ്പൂരിൽ രാഷ്ട്രപതി ഭരണം നിലവിൽ വന്നത്. കഴിഞ്ഞ വർഷം നവംബർ മുതൽ മണിപ്പൂരിൽ അക്രമ സംഭവങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ചർച്ചയ്ക്കുള്ള മറുപടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. സ്ഥിതിഗതികൾ നിയന്ത്രിക്കാൻ സാധിക്കാത്തതിനാലാണ് മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയതെന്ന പ്രതിപക്ഷത്തിൻറെ ആരോപണം അദ്ദേഹം തള്ളി. മുഖ്യമന്ത്രിയുടെ രാജിക്ക് ശേഷം ഒരു രാഷ്ട്രീയ പാർട്ടിയും സർക്കാർ രൂപീകരണത്തിനായി മുന്നോട്ട് വന്നിട്ടില്ലെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS- COASTAL SHIPPING BILL

ഇന്ത്യൻ തീരദേശ മേഖലയിൽ വ്യാപാരം നടത്തുന്ന കപ്പലുകളെ നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുള്ള കോസ്റ്റൽ ഷിപ്പിംഗ് ബിൽ ലോക്സഭ

പാസാക്കി. തീരദേശ വ്യാപാരം പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര പങ്കാളിത്തം വർദ്ധിപ്പിക്കുക തുടങ്ങിയവയും ബിൽ ലക്ഷ്യമിടുന്നു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ ഷിപ്പിംഗ് മേഖല സുപ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. അതെസമയം, Aircraft Objects Bill, 2025

നും പാർലമെൻറിൻറെ അംഗീകാരം ലഭിച്ചു.

&&&&&&&&&&&&&&&&&&

## PM- BIMSTEC

ആറാമത് ബിംസ്റ്റക് ഉച്ചകോടിക്ക് ഇന്ന് തായ്ലാൻഡിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകോടിയിൽ പങ്കെടുക്കും. വിവരസാങ്കേതിക വിദ്യ, കരകൗശല, കൈത്തറി,സമുദ്ര സുരക്ഷ തുടങ്ങിയവയിലെ സഹകരണത്തിന് ഇന്ത്യയും തായ്‌ലൻഡും തമ്മിൽ ഇന്നലെ ആറ് കരാറുകളിൽ ഒപ്പുവച്ചു. ഇന്ത്യ - തായ്ലാൻഡ് പ്രധാനമന്ത്രിമാർ നടത്തിയ ഉഭയകക്ഷി ചർച്ചകളെ തുടർന്നാണ് കരാറുകളിൽ ഒപ്പുവച്ചത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തുമെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷമുള്ള സംയുക്ത പ്രസ്താവനയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പ്രധാനമന്ത്രിയോടുള്ള ആദര സൂചകമായി iStamp - ഉം തായ്ലാൻഡ് പുറത്തിറക്കി.

&&&&&&&&&&&&&&&&&&

## INDO-NEPAL-JOINT EXPEDITIONS

എവറസ്റ്റ് കൊടുമുടിയിലും കാഞ്ചൻജംഗയിലും ഇന്ത്യ- നേപ്പാൾ സേനകൾ നടത്തുന്ന സംയുക്ത അഭ്യാസം രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് ഫ്ലാഗ് ഓഫ് ചെയ്തു. നേപ്പാൾ സേനാ മിലിറ്ററി ട്രെയിനിങ് ഡയറക്ടർ ജെനറൽ മേജർ ജനറൽ ധ്രുബ പ്രകാശ് ഷായും പരിപാടിയിൽ സന്നിഹിതനായി. ലെഫ്റ്റനൻറ് കേണൽ

മനോജ് ജോഷി നയിക്കുന്ന ഇന്ത്യൻ കരസേനയുടെ എവറസ്റ്റ് ദൗത്യത്തിൽ 34 പേരാണ് ഉള്ളത്. കാഞ്ചൻജംഗ ദൗത്യത്തിൽ ഇരു രാജ്യങ്ങളിൽ നിന്നുമായി 12 പേർ ഉൾപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PIYUSH GOYAL

രാജ്യത്തെ സ്റ്റാർട്ടപ്പ് മേഖലയിലേക്ക് കടന്നു വരാൻ ആഭ്യന്തര നിക്ഷേപകരോട് ആഹ്വാനം ചെയ്ത് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സ്റ്റാർട്ടപ്പ് മഹാകുംഭിൻറെ രണ്ടാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2027-ഓടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ മൂന്നാമത്തെ വലിയ രാജ്യമാകാനാണ് ശ്രമമെന്നും ശ്രീ പീയുഷ് ഗോയൽ പറഞ്ഞു. രാജ്യത്തെ സ്റ്റാർട്ടപ്പ് അന്തരീക്ഷവും നയങ്ങളും നവീകരണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് സ്റ്റാർട്ടപ്പ് മഹാകുംഭ് രണ്ടാം പതിപ്പിൻറെ ലക്ഷ്യം. ലോകമെമ്പാടുമുള്ള 3,000 ത്തിലധികം സ്റ്റാർട്ടപ്പുകളാണ് മൂന്ന് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

## ASHA STRIKE

കേരളത്തിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുടെ വേതന പരിഷ്കരണം നടപ്പാക്കുന്നത് സംബന്ധിച്ച് കമ്മീഷനെ നിയോഗിക്കുമെന്ന നിർദേശം മുന്നോട്ട് വച്ച് സംസ്ഥാന സർക്കാർ. ആരോഗ്യ മന്ത്രി വീണാ ജോർജുമായി ആശാ വർക്കർമാരും തൊഴിലാളി സംഘടനാ പ്രതിനിധികളും നടത്തിയ ചർച്ചയിലാണ് സർക്കാർ നിർദേശം. എന്നാൽ ആശമാർ നിർദേശം അംഗീകരിച്ചില്ല. അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ ഇന്ന് വീണ്ടും ചർച്ച

നടത്തുമെന്നാണ് വിവരം.

&&&&&&&&&&&&&&&&&&

## HOCKEY INDIA CHAMPIONSHIP

15-ാമത് ഹോക്കി ഇന്ത്യ - സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കമാകും. ഉത്തർപ്രദേശിലെ ഝാൻസിയിൽ മേജർ ധ്യാൻ ചന്ദ് ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ. ടൂർണമെന്റ് ഈ മാസം 15 ന് സമാപിക്കും.

&&&&&&&&&&&&&&&&&&

## BOXING WORLD CUP

ബോക്സിംഗ് ലോകകപ്പിൽ, ഇന്ത്യൻ താരങ്ങളായ മനീഷ് റാത്തോഡ്, ഹിതേഷ്, അഭിനാഷ് ജാംവാൾ എന്നിവർ സെമിയിൽ കടന്നു. ഇതോടെ ഇന്ത്യ മൂന്ന് മെഡലുകൾ ഉറപ്പിച്ചു. സെമിഫൈനലിൽ മനീഷ് കസാക്കിസ്ഥാൻ താരത്തെയും ഹിതേഷ് ഫ്രാൻസ് താരത്തേയും, ജാംവാൾ ഇറ്റാലിയൻ താരത്തേയും നേരിടും.

&&&&&&&&&&&&&&&&&&

## KOZHIKODE (INTRO)

ഉപയോഗശൂന്യമായ മരുന്നുകളുടെ ശാസ്ത്രീയ നിർമാർജനം ലക്ഷ്യമാക്കി കേരള സർക്കാർ ആരംഭിച്ച എൻപ്രൗഡ് പദ്ധതിക്ക് കോഴിക്കോട് ഉള്ളിയേരി ഗ്രാമ പഞ്ചായത്തിൽ തുടക്കമായി. ഇതോടെ സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്ന രണ്ടാമത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനമായി മാറിയിരിക്കുകയാണ് ഉള്ളിയേരി.

ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്....

(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&&&&

## VEENA VIJAYAN

CMRL കേസിൽ മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയനെ സീരിയസ് ഫ്രോഡ് ഇൻവസ്റ്റിഗേഷൻ ഓഫീസ് പ്രതി ചേർത്ത സാഹചര്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാജിവയ്ക്കണമെന്ന് കെ.പി.സി.സി അധ്യക്ഷൻ കെ.സുധാകരൻ എം.പി ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് ഇന്ന് എല്ലാ മണ്ഡലങ്ങളിലും പ്രതിഷേധ പ്രകടനം നടത്തും. കേസിൽ അന്വേഷണം പൂർത്തിയാകുന്നതുവരെ മുഖ്യമന്ത്രി രാജി വയ്ക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറും ആവശ്യപ്പെട്ടു. അതേസമയം വിശദാംശങ്ങൾ വന്ന ശേഷം മാത്രം പ്രതികരിക്കാമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## SUKHWINDER SINGH SUKH

മാനവ സേവയാണ് ശരിയായ പ്രാർത്ഥന എന്നും മനുഷ്യത്വമാണ് ഭഗവത്ഗീതയുടെ സാരമെന്നും ഹിമാചൽ മുഖ്യമന്ത്രി സുഖ്വിന്ദർ സിംഗ് സുഖു. ആലപ്പുഴ കലവൂർ മാരകുളങ്ങര ക്ഷേത്രത്തിൽ ആരംഭിച്ച അഖിലഭാരത ഭാഗവത മഹാസത്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ചടങ്ങിൽ ഗ്രന്ഥ സമർപ്പണം നടത്തി.

&&&&&&&&&&&&&&&&&&

## UNNIYANUJAN RAJA

കോഴിക്കോട് സാമൂതിരി കെ സി ഉണ്ണിയനുജൻ രാജയുടെ ഭൗതികദേഹം ഇന്ന് രാവിലെ മുതൽ കോഴിക്കോട് ടൗൺഹാളിൽ പൊതുദർശനത്തിന് വയ്ക്കും. കോട്ടക്കൽ കിഴക്കേ

കോവിലകം ശ്മശാനത്തിൽ ഉച്ചയ്ക്ക് രണ്ടുമണിക്ക് സംസ്കാരകർമ്മങ്ങൾ നടക്കും. വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ഇന്നലെയായിരുന്നു അദ്ദേഹത്തിൻറെ അന്ത്യം.

&&&&&&&&&&&&&&&&&&

## TAMILNADU – ARREST

തമിഴ്നാട്ടിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ്സിൽ കടത്തിക്കൊണ്ടുവന്ന 2.190 കിലോഗ്രാം കഞ്ചാവ് ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റിൽ പിടികൂടി. അഞ്ചൽ ഏരൂർ സ്വദേശി സജീവ് കുമാറിനെ അറസ്റ്റ് ചെയ്തു. തെങ്കാശി - തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&